# കോർപ്പറേറ്റ് എഡ്യുക്കേഷണൽ ഏജൻസി
## പാലാ രൂപത

പാലാ

No. C/02/2018-19 — 13 ആഗസ്റ്റ് 2018

## <u>സർക്കുലർ</u>

പ്രിയ പ്രഥമാധ്യാപകരെ,

ഓണക്കാലം വരികയാണല്ലോ. ആദ്യം തന്നെ എല്ലാവർക്കും സ്നേഹനിർഭരവും ഐശ്വര്യപൂർണ്ണവുമായ ഒരു ഓണം ആശംസിക്കട്ടെ.

നമ്മുടെ സ്കൂളുകളിൽ ഓണാഘോഷപ്പരിപാടികൾ എല്ലാ വർഷവും നടത്താറുള്ളതാണല്ലോ. ഈ വർഷവും ആഘോഷങ്ങൾ നടന്നുകൊള്ളട്ടെ. എന്നാൽ ഇത്തവണ നമ്മൾ ഓണം ആഘോഷിക്കുമ്പോൾ, വെള്ളപ്പൊക്കവും കാലവർഷക്കെടുതികളും മൂലം കിടപ്പാടവും സർവ്വ സമ്പാദ്യങ്ങളും നഷ്ടപ്പെട്ട് തെരുവിലും ദുരിതാശ്വാസകേന്ദ്രങ്ങളിലും അഭയം തേടിയിരിയ്ക്കുന്ന നമ്മുടെ സഹോദരങ്ങളെ ഓർമ്മിക്കേണ്ടത് നമ്മുടെ കടമയാണ്. അതുകൊണ്ടുതന്നെ, ഈ വർഷം നമ്മുടെ സ്കൂളുകളിലെ ഓണാഘോഷങ്ങൾ പരമാവധി ചെലവു ചുരുക്കി നടത്തുവാനും അങ്ങനെ മിച്ചം വയ്ക്കുന്ന തുക വെള്ളപ്പൊക്കം മൂലം ദുരിതം അനുഭവിയ്ക്കുന്ന നമ്മുടെ സഹോദരങ്ങൾക്കായി നല്കാം എന്നും കരുതുന്നു. പരമാവധി തുക സംഭരിയ്ക്കുവാൻ എല്ലാ പ്രഥമാധ്യാപകരും ശ്രദ്ധിക്കണം.

നമ്മുടെ സ്കൂളുകളിൽനിന്നും ഇങ്ങനെ ശേഖരിയ്ക്കുന്ന തുക ഈ വരുന്ന 20-ാം തിയതിയ്ക്കു മുൻപായി കോർപ്പറേറ്റ് ഓഫീസിൽ എത്തിയ്ക്കുവാൻ ശ്രമിക്കുമല്ലോ.

സ്നേഹപൂർവ്വം,

ഫാദർ ബർക്കുമാൻസ് കുന്നുംപുറം
കോർപ്പറേറ്റ് മാനേജർ